Havells Launches New Range of Electric Water Heaters in Kerala

# ഹാവൽസ് രണ്ടു പുതിയ വാട്ടർ ഹീറ്ററുകൾ വിപണിയിലിറക്കി




കൊച്ചി: മുൻനിര ഇലക്ട്രിക്കൽ ഗുഡ്സ് കമ്പനിയായ ഹാവൽസ് ഇന്ത്യാ പുതിയ രണ്ട് വാട്ടർ ഹീറ്ററുകൾ കേരള വിപണിയിൽ എത്തിച്ചു. ബ്യൂണോയും ഓപലും കേരളത്തിലെ മൺസൂൺ സീസണു വേണ്ടി പ്രത്യേകം രൂപകല്പന ചെയ്തവയാണ് ബ്യൂണോയും ഓപലും. ആറ് ലിറ്ററും 10 ലിറ്ററും വീതം സംഭരണ ശേഷിയുള്ള ഇവയുടെ വില 7590 രൂപ മുതൽ 8260 രൂപ വരെയാണ്. ചൂടുവെള്ളം യഥേഷ്ടം ലഭ്യമാക്കുന്നതോടൊപ്പം കുളിമുറികൾക്ക് ഒരലങ്കാരം കൂടിയാണ് പുതിയ ഗീസറുകൾ; വെള്ള, നീല, പേൾ എന്നീ നിറങ്ങളിൽ ലഭ്യമാണ്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ(ബി ഇ ഇ) 5 സ്റ്റാർ റേറ്റിങ്, പെന്റാ ഷീൽഡ് സാങ്കേതിക വിദ്യ, അഞ്ച് മടങ്ങ് സുരക്ഷിതത്വം ഉറപ്പാക്കുന്ന ഹൈപ്രസിഷൻ തെർമോസ്റ്റാറ്റ്, എന്നിവയാണ് പ്രധാന സവിശേഷതകൾ: പുതിയ ഗീസറിലെ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേയ്ക്കർ, കറന്റ് ലീക്കേജ് ഉണ്ടായാൽ ഉടൻ തന്നെ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനാൽ ഉപയോക്താവിന്, ഇലക്ട്രിക്കൽ ഷോക്കിൽ നിന്ന് പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്താം. പുതിയ ഗീസേഴ്സിന്റെ ഉള്ളിലെ ടാങ്ക് ഗ്ലാസ് ലൈനോടു കൂടിയവയായതിനാൽ തുരുമ്പെടുക്കുകയോ ദ്രവിക്കുകയോ ചെയ്യില്ല. വാട്ടർ ഹീറ്ററിലെ ഡിജിറ്റൽ ഡിസ്പ്ലേയിൽ നിന്ന് ടാങ്കിലെ ഊഷ്മാവ് അറിയാം. 25 ഡിഗ്രി സെന്റിഗ്രേഡ് മുതൽ 75 ഡിഗ്രി സെന്റിഗ്രേഡ് വരെ സെറ്റ് ചെയ്യാനും വൻതോതിൽ വൈദ്യുതി ലാഭിക്കാനും കഴിയും.1.3 ബില്യൺ ഡോളർ കമ്പനിയായ ഹാവൽസിന്റെ പ്രധാന ഉൽപന്നങ്ങൾ സർക്യൂട്ട് പ്രൊട്ടക്റ്റർ, സ്വിച്ച് ഗിയർ കേബിൾസ്, വയേഴ്സ്, മോട്ടോർ ഫാൻ, പവർ കപ്പാസിറ്റേഴ്സ്, ഗാർഹിക ഉപകരണങ്ങൾ എന്നിവയാണ്. ക്രാബ്ട്രീ, സിൽവാനിയ, കോൺകോഡ്, ലൂമിനൻസ്, സ്റ്റാൻഡാർഡ് എന്നിവയാണ് ഹാവൽസിന്റെ ആഗോള ബ്രാൻഡുകൾ.